# വിലക്കുകൾ

**അടച്ചിട്ട ജാലകങ്ങൾ**
വിലക്കുന്നു
പുറംകാഴ്ചകളുടെ നേരറിവുകൾ
ആളുയരത്തിൽ പണിതീർത്ത കന്മതിൽ
വിലക്കുന്നു
അയൽക്കാരന്റെ സൗഹൃദം
വികസനത്തിന്റെ കോൺക്രീറ്റ് കാടുകൾ
വിലക്കുന്നു
കാറ്റും തണലും കളകൂജനങ്ങളും
സ്വാർഥമനസ്സിന്റെ ആർത്തികൾ
വിലക്കുന്നു
സൗഹാർദത്തിന്റെ കൊടുക്കൽ വാങ്ങലുകൾ
വിരൽതുമ്പിലെ ചാനലുകൾ
വിലക്കുന്നു
കുടുംബബന്ധങ്ങളുടെ ഊഷ്മളതകൾ
ഡേകെയർ സെന്ററുകളും വൃദ്ധസദനങ്ങളും
ഒന്നായ് വിലക്കുന്നു
സ്നേഹത്യാഗങ്ങളുടെ പങ്കുവെക്കലുകൾ
ഇന്ദ്രിയസുഖം തേടും മൃഗതൃഷ്ണകൾ
വിലക്കുന്നു
ആർദ്രമനസ്സിന്റെ സാത്വികഭാവങ്ങൾ
കർമബന്ധങ്ങളിൽ ബുദ്ധിയുടെ വിധിതേടാത്തവർ
വിലക്കുകളുടെ പാശത്താൽ ബന്ധിച്ചിടുന്നു
ഭൂമിയിൽ മനുഷ്യജന്മത്തിന്റെ
നന്മയും പുണ്യവും.

**സീന കുഞ്ഞാലി, തിരുവനന്തപുരം**

# മടക്കം

**തിരയൊഴിഞ്ഞ തോക്കെടുത്ത്**
പേടിപ്പിക്കരുതെന്നെ.....
പൊതിച്ചോറു പൊക്കിയെടുത്ത്
എറിയരുതെന്നെ.....
ആദർശങ്ങളിൽ,
നീയും ഞാനുമടിമയാണ്.

'വായിക്കുക'...,
നമ്മുടെ ഹരിശ്രീയത്രേ.
ഹിറയുടെ പാറക്കെട്ടുകളിൽ
അക്ഷരങ്ങളൊടുങ്ങാതിരിക്കാൻ
ഇനിയും,
നീ ഓടേണ്ടതുണ്ട്.
തഴമ്പു നിറഞ്ഞ കൈവഴികളിൽ
പിടിച്ചുകയറുമ്പോൾ
നീയറിയണം,
ഇതു വെളിച്ചമെന്ന്.
ബിലാലും സൽമാനും അമ്മാറും
രക്തം കൊടുത്ത ആദർശമെന്ന്.

കൈകൾ വെട്ടിമാറ്റുമ്പോൾ
കൊടി പിടിക്കാനൊരു മനസ്സ്....
'അല്ലാഹു അഹദെ'ന്നുച്ചരിക്കാൻ
വഴക്കം വന്നൊരു നാവും.....
ഇനി നീയും പോരാളിയാണ്,
നേടാനില്ലാത്തവൻ.
വയറ്റിൽ കല്ലുകെട്ടി..... തളർന്ന്,
മുന്നൂറ്റിപ്പതിമൂന്നിലേക്ക് മടങ്ങുകയാണ്.
ഇനിയും കിടങ്ങു കുഴിച്ച്
ചരിത്രത്തിലേക്ക് നടക്കുകയാണ്.

**കെ.എം. സുമയ്യ, കോഡൂർ**

# കാത്തിരിപ്പിനു ശേഷം

**യാത്രയിൽ,**
നിമിഷാർധങ്ങളിൽ-
ഒട്ടുപേർ
വേർ
പിരിഞ്ഞു പോയ്,

ഒടുവിൽ,
ഒപ്പമെന്നെന്നും
ഉണ്ടെന്നോർത്തെൻ-
നിഴലും
മണ്ണിലലിഞ്ഞുപോയ്.

**റസാഖ് എടവനക്കാട്**